ഗ്രാമപ്രദേശങ്ങളിലെ ഡിസ്പെൻസറികളുടെ മെയിൻറനൻസ്

* 86 [114] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നിയന്ത്രണത്തിലുള്ള ഗ്രാമപ്രദേശത്തെ ഡിസ്പെൻസറികൾ മെയിൻറനൻസ് നടത്താൻ ഫണ്ട് നൽകാത്തതുകൊണ്ട് കെട്ടിടങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്ന വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനെന്തു നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നു പറയാമോ ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ) ചില സ്ഥലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) അടുത്ത വർഷത്തെ ബഡ്ജറ്റിൽ കൂടുതൽ തുക കൊള്ളിക്കാൻ ശ്രമിക്കുന്നുണ്ട്.

ഗവൺമെൻറ് ഡോക്ടർമാരുടെ ജനറൽ ട്രാൻസ്ഫർ

* 87 [115] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ വർഷവും ഗവൺമെൻറ് ഡോക്ടർമാരുടെ ജനറൽ ട്രാൻസ്ഫർ നടത്തണമെന്നുള്ളത് ഒരു നയമായി ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) മൂന്നു വർഷം ഒരാശുപത്രിയിൽ സേവനം പൂർത്തിയാക്കിയ ഡോക്ടർമാർ സ്വയം ആവശ്യപ്പെടുമ്പോഴും നാട്ടുകാർ ഗുരുതരമായ എന്തെങ്കിലും പരാതിയുടെ അടിസ്ഥാനത്തിൽ ആവശ്യപ്പെടുമ്പോഴും മാത്രം ഡോക്ടർമാരെ സ്ഥലംമാറ്റിയാൽ മതിയെന്നുള്ള നിർദ്ദേശം ഗവൺമെൻറ് പരിഗണിക്കുമോ ;

(സി) ഡോക്ടർമാരുടെ ജനറൽ ട്രാൻസ്ഫറിൻറെ ഫലമായി ഗവൺമെൻറിന് ഒരാണ്ടിൽ ഒട്ടാകെ എന്തു സംഖ്യ ചെലവു വരുന്നുണ്ട് ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) മൂന്നുവർഷം ഒരു ആശുപത്രിയിൽ സേവനം പൂർത്തിയാക്കിയ ഡോക്ടർമാരെ അവർ സ്വയം ആവശ്യപ്പെടുമ്പോഴും മാത്രം സ്ഥലംമാറ്റിയാൽ മതി എന്നുള്ള നിർദ്ദേശം സ്വീകരിക്കാൻ സാദ്ധ്യമല്ല.

(സി) വ്യക്തമായ കണക്കുകൾ ശേഖരിച്ചിട്ടില്ല. ഈ പ്രത്യേക ഇനത്തിലുള്ള ചെലവിനെക്കുറിച്ച് പൂർണ്ണവിവരങ്ങൾ ശേഖരിക്കാനും പ്രയാസമാണ്. സ്ഥലംമാറ്റംമൂലമുണ്ടാകുന്ന യാത്രപ്പടി ഇനത്തിൽ പതിനായിരം മുതൽ പതിനയ്യായിരംവരെ രൂപ ചെലവു വരുമെന്നാണ് ഏകദേശ കണക്ക്.

അഞ്ചാം പഞ്ചവൽസരപദ്ധതിയിൽ ഉൾപ്പെടുത്തിയ ജലസേചന പദ്ധതികൾ

* 88 [116] ശ്രീ. ടി. കെ. ചന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ജലസേചനവുംമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ചാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തിയ ജലസേചന പദ്ധതികൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly